# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 8 18.03.2013- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി തടസ്സപ്പെടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി നേടുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ച ടേംസ് ഓഫ് റഫൻസ് പ്രകാരം ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പാരിസ്ഥിതിക പഠനം വിവിധ കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടൻസികൾ വഴി പൂർത്തിയാക്കിയെങ്കിലും, പദ്ധതിയുടെ പരിസരവാസികളായ മത്സ്യത്തൊഴിലാളികളുടെയും, പുരോഹിത സമൂഹത്തിന്റെയും അപേക്ഷ പ്രകാരം 2012 വർഷകാല സ്ഥിതി വിവരം കൂട്ടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയുണ്ടായി.<br><br>പ്രസ്തുത വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എൽ & റ്റി റാംബോൾ 2012 ഡിസംബറിൽ പഠന റിപ്പോർട്ട് വിഴിഞ്ഞം ഇന്റർ |

| | | | |
|---|---|---|---|
| | | | നാഷണൽ സീപോർട്ട് ലിമിറ്റഡിന് നല്കി. എന്നാൽ ചില എൻ.ജി.ഒകളും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷനും ഐ.എഫ്.സി ഓംബുഡ്സ്മാന് നല്കിയ പരാതിയെ തുടർന്ന് അവരുടെ ഭാഗം ഒന്നു കൂടി കേൾക്കേണ്ടി വന്നതിനാലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകാനിടയായി. ഐ.എഫ്.സി മുഖേന തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ച് 15 ന് ലഭ്യമായി. ഈ പഠന റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി ഒരു മാസം കഴിഞ്ഞ് പബ്ലിക് ഹിയറിംഗ് നടത്താനും, അതിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും , പാരിസ്ഥിതികാനുമതിയ്ക്കായുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതിന് നിലവിൽ മറ്റു തടസ്സങ്ങളൊന്നും തന്നെയില്ല. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ അനുവദിക്കപ്പെട്ട തുറമുഖ പദ്ധതികളിൽ വിഴിഞ്ഞം പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; എന്തു തുക ബജറ്റ് വഴി ഉറപ്പായിട്ടുണ്ട്; | (ബി) | കേന്ദ്ര സർക്കാരിന്റെ 2013-14 ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട പദ്ധതികളിൽ വിഴിഞ്ഞം തുറമുഖ പദ്ധതി ഉൾപ്പെടുന്നില്ല. |
| (സി) | തൂത്തുക്കുടി തുറമുഖത്തിന്റെ വികസനം പ്രവൃത്തിപഥത്തിലെത്തുമ്പോൾ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രസക്തി എന്താകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. പ്രാഥമിക നിഗമനത്തിൽ, തൂത്തുക്കുടി തുറമുഖം, ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വികസിപ്പിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രസക്തി ഇല്ലാതാക്കുന്നില്ല. ഇതിനു കാരണം വിഴിഞ്ഞത്തിന്റെ |

സ്വാഭാവികമായുള്ള 20 മീറ്റർ ആഴം, അന്താരാഷ്ട്ര കപ്പൽ ചാലിനോടുള്ള അടുപ്പം, അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആണ് ഉദ്ദേശിക്കുന്നത് എന്നിവയാണ്. ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനങ്ങൾ തൂത്തുകുടി തുറമുഖത്തു നടക്കുവാൻ തീരെ സാദ്ധ്യതയില്ല.

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏത് ഘട്ടത്തിലാണ്;

(ഡി) പൂർത്തിയായിട്ടില്ല. ലാൻഡ് ലോർഡ് മോഡലിൽ വികസിപ്പിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് പ്രവൃത്തികൾക്കാണ് അഗോള ടെൻഡർ ക്ഷണിക്കേണ്ടത്.

1. തുറമുഖ സിവിൽ നിർമ്മാണത്തിനാവശ്യമായ ഇ.പി.സി ടെൻഡർ.
2. തുറമുഖ നടത്തിപ്പുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ ഓപ്പറേറ്ററാണ് സൂപ്പർ സ്ട്രക്ചർ പണിയേണ്ടത്.

തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ഇ.പി.സി (എഞ്ചിനീയറിംഗ് പ്രൊക്യുർമെന്റ് കൺസ്ട്രക്ഷൻ ) ടെൻഡർ വിളിക്കുന്ന തരത്തിൽ പഠനറിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ടെൻഡർ ക്ഷണിക്കുന്നതാണ്.

തുറമുഖ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും

കേന്ദ്രാനുമതി ലഭിച്ച ഏക ബിഡ്ഡറായ വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം സ്വീകാര്യമല്ലാത്തതിനാൽ ടെൻഡർ നടപടികൾ റദ്ദുചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തു.

(ഇ) കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് സ്കീം നിലവിലുണ്ടോ; ഈ സ്കീമിൽ എത്ര ശതമാനം തുക വിഴിഞ്ഞം പദ്ധതിക്ക് ഉറപ്പാക്കിയിട്ടുണ്ട്; ഇതിന് കേന്ദ്രാനുമതി ലഭിച്ചത് എപ്പോഴാണ്;

(ഇ) നിലവിലുണ്ട്. പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ നിർമ്മിക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്) പദ്ധതി പ്രകാരം ചെലവിന്റെ 20% ചില നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ പങ്കാളിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകും. ഐ.എഫ്.സി യുടെ സ്ട്രാറ്റജിക് ഓപ്ഷൻ റിപ്പോർട്ട് പ്രകാരം, വിഴിഞ്ഞം പദ്ധതി കഴിഞ്ഞ സർക്കാർ ലാൻഡ് ലോർഡ് മോഡൽ ആയി അംഗീകരിക്കുമ്പോൾ വി.ജി.എഫ് ഇല്ലാതെ നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. ആയതിനാൽ വി.ജി.എഫ്-നു വേണ്ടിയുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് നൽകിയിട്ടില്ല. പക്ഷെ പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് പദ്ധതിക്ക് വി.ജി.എഫ് ലഭ്യമാക്കുന്നതിനുള്ള കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനു പദ്ധതിയുടെ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (എഫ്) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ തന്നെ വിഴിഞ്ഞം പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമോ? | (എഫ്) പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ 2013 അവസാനത്തോടു കൂടി വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചാൽ 3 വർഷം കൊണ്ട് തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ